**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 919** **11-02-2025 - ൽ മറുപടിയ്ക്ക്**

**വനം-വന്യജീവി വകുപ്പിന്റെ കീഴിലെ വിവിധ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | പിറവം മണ്ഡലത്തിൽ വനം-വന്യജീവി വകുപ്പിന്റെ കീഴിൽ വിവിധ പദ്ധതികളിലായി കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ അനുവദിച്ചതും എന്നാൽ 2021 മാർച്ചിനു മുൻപ് പൂർത്തിയാക്കാൻ കഴിയാത്തതുമായ വിവിധ പ്രവൃത്തികളുടെ/ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ; പ്രസ്തുത കാലയളവിൽ അനുവദിച്ച പ്രവൃത്തികളിൽ/ പദ്ധതികളിൽ നിലവിൽ നടപ്പിലുള്ളവയുടെ വിശദാംശം ലഭ്യമാക്കാമോ; | (എ) | പിറവം മണ്ഡലത്തിൽ കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ പ്രവൃത്തികളും/പദ്ധതികളും ഒന്നും തന്നെ നടപ്പിലാക്കിയിട്ടില്ല. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രസ്തുത മണ്ഡലത്തിൽ വനം-വന്യജീവി വകുപ്പിന് കീഴിൽ അനുവദിച്ച വിവിധ പ്രവൃത്തികളുടെ/പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ; ഓരോ പ്രവൃത്തിയുടെയും പേരും, അനുവദിച്ച തുകയും, പദ്ധതി നിർവഹണ ഏജൻസിയുടെ വിവരങ്ങളും ലഭ്യമാക്കാമോ; | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പിറവം മണ്ഡലത്തിലെ പിറവം, എം.കെ.എം ഹയർ സെക്കൻഡറി സ്കൂളിൽ ഒരു വിദ്യാവനം പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. സ്കൂളിലെ ഫോറസ്റ്റി ക്ലബ്ബും എറണാകുളം സോഷ്യൽ ഫോറസ്റ്റി ഡിവിഷനും ചേർന്നാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. ആയതിലേക്ക് അനുവദിച്ച തുക 1,25,750/- രൂപയാണ്. |
| (സി) | പ്രസ്തുത പ്രവൃത്തികളിൽ പൂർത്തിയാക്കിയിട്ടുള്ളവയുടെ വിശദാംശവും നടപ്പിലുള്ളവയുടെ നിലവിലെ സ്ഥിതിയും ലഭ്യമാക്കാമോ; നിലവിൽ നടപ്പിലുള്ളവ എപ്പോൾ പൂർത്തിയാക്കാനാകുമെന്ന് വ്യക്തമാക്കാമോ; | (സി) | പിറവം മണ്ഡലത്തിലെ എം.കെ.എം ഹയർ സെക്കൻഡറി സ്കൂളിൽ വിദ്യാവനം പദ്ധതി 2023 ജനുവരി മാസത്തിൽ പൂർത്തിയാക്കിയിട്ടുണ്ട്. |
| (ഡി) | വനം-വന്യജീവി വകുപ്പിന് കീഴിൽ മണ്ഡലത്തിൽ പുതുതായി നടപ്പാക്കാനുദ്ദേശിക്കുന്ന പ്രവൃത്തികൾ/ പദ്ധതികൾ ഉണ്ടെങ്കിൽ ആവയുടെ വിശദാംശം ലഭ്യമാക്കാമോ? | (ഡി) | നിലവിൽ പുതിയ പദ്ധതികൾ ഒന്നുംതന്നെ വിഭാവനം ചെയ്തിട്ടില്ല. |

സെക്ഷൻ ഓഫീസർ